**കേരള കാർഷിക സർവകലാശാല**
കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം 676 509, മലപ്പുറം (ജില്ല)
ഇ മെയിൽ–:- arsanakkayam@kau.in, ഫോൺ : 0483- 2848050

നം : എ1-3583/24 തീയ്യതി : 07.02.2025

## ക്വട്ടേഷൻ നോട്ടീസ്

ഈ കേന്ദ്രത്തിൽ കുരുമുളക് തൈകൾ ഉണ്ടാക്കുന്നതിന് ഗുണമേൻമയുള്ള കുരുമുളക് മാതൃവള്ളികൾ (പന്നിയൂർ, കരിമുണ്ട ഇനങ്ങൾ) വിതരണം ചെയ്യാൻ താല്പര്യമുള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ, താഴെ പറയുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി, ക്ഷണിച്ച് കൊള്ളുന്നു.

<u>വ്യവസ്ഥകളും നിബന്ധനകളും</u>

1. ക്വട്ടേഷൻ അടക്കം ചെയ്ത കവറിന് പുറത്ത് " കുരുമുളക് വള്ളികൾ വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ " എന്ന് വ്യക്തമായി എഴുതി **19.02.2025** തീയ്യതി രാവിലെ 11.00 മണിക്ക് മുമ്പ് പ്രൊഫസർ & ഹെഡ്, കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം എന്ന വിലാസത്തിൽ ലഭിക്കണം.
2. നിശ്ചിത സമയപരിധിക്ക് ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. അന്നേ ദിവസം 11.30 മണിക്ക് ക്വട്ടേഷനിൽ പങ്കെടുക്കുന്നവരുടെ സാന്നിധ്യത്തിൽ ക്വട്ടേഷൻ തുറക്കുന്നതായിരിക്കും.
3. തെരഞ്ഞെടുക്കപ്പെടുന്ന മാതൃതോട്ടത്തിൽ നിന്നും ഗുണനിലവാരമുള്ള കുരുമുളക് വള്ളികൾ ശേഖരിച്ച് ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിൽ എത്തിച്ചുതരുന്നതിനുള്ള വാഹനചെലവും കയറ്റിറക്ക് കൂലിയും അടക്കമുള്ള ഒരു മീറ്റർ കുരുമുളക് വള്ളിയുടെ നിരക്കാണ് രേഖപ്പെടുത്തേണ്ടത്.
4. ഫാമിൽ നിന്നും നിയോഗിക്കുന്ന ഉദ്യോഗസ്ഥർ കുരുമുളക് തോട്ടം സന്ദർശിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയതിനു ശേഷം മാത്രമേ ക്വട്ടേഷൻ ഉറപ്പിക്കുകയുള്ളൂ. ഈ ഉദ്ദേശത്തിൽ ഫാമിലെ ഉദ്യോഗസ്ഥർ നേരത്തെ സന്ദർശിച്ച തോട്ടമുടമകൾക്കും ക്വട്ടേഷൻ സമർപ്പിക്കാവുന്നതാണ്.
5. ഗുണനിലവാരം ഉറപ്പുവരുത്തിയ മാതൃവള്ളിയുടെ ഉപയോഗയോഗ്യമായ ഭാഗത്തിൽ നിന്നും മാത്രമാണ് വള്ളികൾ ശേഖരിക്കുക.
6. ഫാമിൽ എത്തിക്കുന്ന കുരുമുളക് വള്ളി പരിശോധിച്ച് ഗുണനിലവാരവും അളവും ഉറപ്പുവരുത്തിയ ശേഷം മാത്രമേ ക്വട്ടേഷൻ തുക അനുവദിക്കുകയുള്ളൂ.
7. ക്വട്ടേഷൻ ഉറപ്പിക്കുവാനോ മാറ്റിവെയ്ക്കാനോ ഉള്ള എല്ലാ അധികാരങ്ങളും ടി കേന്ദ്രത്തിലെ മേധാവിയിൽ നിക്ഷിപ്തമാണ്.
8. സർക്കാർ ക്വട്ടേഷന്റെ എല്ലാ വ്യവസ്ഥകളും നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.
9. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസിൽ നിന്നും അറിയാവുന്നതാണ്. (ഫോൺ: 0483 2848050, 0483 2848239)

(ഒപ്പ്)
പ്രൊഫസർ & ഹെഡ്

പകർപ്പുകൾ:

നോട്ടീസ് ബോർഡ്(ഓഫീസ്/ഫാം)
ആനക്കയം പഞ്ചായത്ത് ഓഫീസ്/ആനക്കയം വില്ലേജ് ഓഫീസ്
ആനക്കയം കൃഷിഭവൻ, സ്റ്റേറ്റ് സീഡ് ഫാം നോട്ടീസ് ബോർഡ്
കെ.എ.യു വെബ്സൈറ്റ്